**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5495** **03-11-2021 - ൽ മറുപടിയ്ക്ക്**

**കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (എ) | വർദ്ധിച്ചു വരുന്ന കാൻസർ രോഗികളുടെ ബാഹുല്യത്തിനനുസൃതമായി കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സർവ്വീസിലുള്ള കാൻസർ രോഗ വിദഗ്ധരുടേയും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്കാശുപത്രികളിലും കാൻസർ രോഗ ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കീമോതെറാപ്പി ഉൾപ്പെടെയുള്ള നൂതന കാൻസർ ചികിത്സാ സങ്കേതങ്ങൾ ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കാൻസർ സ്ട്രാറ്റജിയ്ക്ക് ആക്ഷൻ പ്ലാൻ പ്രകാരം ആശുപത്രികളെ മികവിന്റെ അടിസ്ഥാനത്തിൽ പല തലങ്ങളായി വിഭജിക്കുന്നതിനും ഓരോ തലത്തിലും ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലേയും സർക്കാർ മേഖലയിലേയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കികൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്ത് കാൻസർ ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അർബുദ രോഗം തുടക്കത്തിൽ കണ്ടെത്തുന്നതിനുള്ള പാപ്സ്മിയർ, മാമോഗ്രാം, ബയോപ്സി, സി.റ്റി സ്കാൻ, FNAC, അൾട്രാ സൗണ്ട് സ്കാൻ തുടങ്ങിയ ടെസ്റ്റുകൾ നടത്താനുള്ള സൗകര്യം ലഭ്യമാണ്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ക്യാൻസർ രോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ട്മെൻറ് ഓഫ് |

| | | | |
|---|---|---|---|
| | | | റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ ക്യാൻസർ രോഗ വിദഗ്ധരായ ഡോക്ടർമാർ നൽകി വരുന്നു. ഇതിനു പുറമേ റേഡിയേഷൻ ചികിത്സയും മറ്റ് അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകി വരുന്നു. ആധുനിക ചികിത്സ ഉപകരണമായ ലീനിയർ ആക്സിലേറ്റർ ഉപയോഗിച്ചുള്ള ചികിത്സയും നടത്തി വരുന്നു. കൂടാതെ സ്കൂളുകൾ, സന്നദ്ധ സംഘടനകൾ മുതലായവ വഴി ക്യാൻസർ ബോധവത്കരണ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിക്കുന്നു. കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ റീജിയണൽ കാൻസർ സെന്റർ തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ തലശ്ശേരി, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നീ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും മാനവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ